(സി) തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് അന്വേഷണം നടത്തുന്ന ക്രൈം 313/ സി. ആർ./ പി. കെ. ഡി /03 യു. എസ്. 409, 467, 477 (എ) 120 (ബി) ഐ. പി. സി. പ്രകാരം 62.32 കോടി രൂപ പിൻവലിച്ചിട്ടുള്ളതായി മനസ്സിലാക്കിയിട്ടുള്ളതുമാകുന്നു.

(ഡി) അനധികൃതമായി കടത്തിക്കൊണ്ട് വന്ന പണം തീവ്രവാദ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചോ എന്നത് സംബന്ധിച്ച് അന്വേഷണം നടത്തിവരികയാണ്.

മരുന്നു വാങ്ങുന്നതിനുള്ള സർക്കാരിന്റെ പുതിയ നയം

*17 [16] *ശ്രീ. പി. സി. ജോർജ്:*
,, ടി. കെ. ദേവകുമാർ:
ഡോ. തോമസ് ഐസക്:
ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്നു വാങ്ങുന്നതിനായി പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) മരുന്നുകൾ വാങ്ങുമ്പോൾ അവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഇതനുസരിച്ച് എന്തെല്ലാം വ്യവസ്ഥകളാണുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) മരുന്നു വാങ്ങുന്നതിന് കമ്പനികൾക്ക് മുൻകൂർ പണം നൽകുന്നതിന് പുതിയ നയത്തിൽ വ്യവസ്ഥയുണ്ടോ;

(ഇ) പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്യുന്ന കമ്പനികളിൽ നിന്നും പിഴ ഈടാക്കുന്നതിന് പുതിയ നയത്തിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ;

(എഫ്) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്ത കമ്പനികളിൽ നിന്ന് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പിഴ എന്തെങ്കിലും ഈടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഉണ്ട്.

(ബി) 1984 മുതൽ സി. പി. സി. സംവിധാനം പ്രവർത്തിച്ചുവരുന്നു. സി. പി. സി.യുടെ പ്രവർത്തനം സുതാര്യവും ആക്ഷേപരഹിതവും ആക്കി മാറ്റാനും ഗവൺമെന്റിന്റെ മരുന്നു വാങ്ങൽ നയം എന്താണെന്നു പൊതുജനങ്ങൾക്കുകൂടി ബോദ്ധ്യപ്പെടുത്തി കൊടുക്കുവാനുമാണ് പുതിയ നയത്തിനു രൂപം നൽകിയത്. ഗുണനിലവാരമുള്ള മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് കൃത്യമായ

LIBRARY ARCHIVES Kerala Legislative Assembly

അളവിൽ യഥാസമയം എല്ലാ സ്ഥലങ്ങളിലും എത്തിക്കുകയും സെൻട്രൽ വിജിലൻസ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സുതാര്യവും കാര്യ ക്ഷമവുമായ ഒരു സമ്പ്രദായം നടപ്പിലാക്കുകയുമാണ് ഈ നയത്തിന്റെ ഉദ്ദേശ്യം.

സംസ്ഥാന ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഫാർമസ്യൂട്ടിക്കൽ കോളേജുകൾ, ഫാർമസി കൗൺസിൽ, ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ എന്നിവയിലെ പ്രഗൽഭൻമാർ, ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന മറ്റു വിദഗ്ദ്ധർ, മാധ്യമ പ്രവർത്തകർ തുടങ്ങിയവരുമായി കൂടിയാലോചിച്ചാണ് ഈ പോളിസി തയ്യാറാക്കിയിട്ടുള്ളത്.

കരട് നയം പ്രസിദ്ധീകരിച്ച ശേഷം നിയമസഭാ സാമാജികർ, ബന്ധപ്പെട്ട വിദഗ്ദ്ധർ, പൊതുജനങ്ങൾ എന്നിവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച ശേഷമാണ് നയത്തിന് അന്തിമ രൂപം നൽകിയിട്ടുള്ളത്. ആരോഗ്യ വകുപ്പിലെ സ്ഥാപനങ്ങളെ നാലായി തരം തിരിച്ച് ഓരോ വിഭാഗത്തിനും ഏതൊക്കെ മരുന്നുകളാണ് ആവശ്യമുള്ളതെന്ന് തിട്ടപ്പെടുത്തി ഡ്രഗ് ഫോർമുലറി തയ്യാറാക്കിയിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശ പ്രകാരം മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതുകൊണ്ട് ആവശ്യമില്ലാത്ത മരുന്നുകൾ വാങ്ങേണ്ടി വരില്ല.

മരുന്നുകളുടെ സംഭരണത്തിനും വിതരണത്തിനും കമ്പ്യൂട്ടർ അധിഷ്ഠിത ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്തുന്നതോടെ മരുന്നുകൾ കൂടുതൽ സ്റ്റോക്കുള്ള കേന്ദ്രങ്ങളിൽ നിന്നും ഒട്ടും സ്റ്റോക്കില്ലാത്ത സ്ഥലങ്ങളിലേക്ക് ത്വരിതഗതിയിൽ കൊണ്ടുവരാൻ കഴിയും.

ടെണ്ടർ വ്യവസ്ഥകൾക്ക് കൂടുതൽ വ്യക്തത ഉണ്ടാക്കി സമയബന്ധിതമായ നടപടിക്രമങ്ങൾ മുൻകൂട്ടി നിഷ്ക്കർഷിച്ചിട്ടുണ്ട്.

കർശനമായ ഗുണനിലവാര പരിശോധനയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സീനിയർ ലെവൽ ആഫീസർമാർ അടങ്ങുന്ന ഒരു ടീം കുറഞ്ഞ നിരക്ക് കാട്ടി ചെയ്തിട്ടുള്ള കമ്പനിയുടെ (L.I) ഫാക്ടറി സന്ദർശിച്ച് പരിശോധന നടത്തും. ഈ ടീമിൽ ഗവൺമെന്റ് പ്രതിനിധികൾ, ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ്, ഫാർമസി ഡിപ്പാർട്ട്മെന്റ് തുടങ്ങിയ വകുപ്പുകളിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

പരിശോധനകൾക്ക് ശേഷം തെരഞ്ഞെടുക്കപ്പെടുന്ന കമ്പനിയുടെ മരുന്നിന്റെ സാമ്പിളുകൾ തിരുവനന്തപുരത്തെ ഡ്രഗ്സ് കൺട്രോളറുടെ നിയന്ത്രണത്തിലുള്ള ലാബിലും ഫാർമസ്യൂട്ടിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം, കേരളത്തിനകത്തും പുറത്തുമുള്ള അംഗീകൃത ലാബുകളിലുമായി ഗുണനിലവാര പരിശോധന നടത്തും.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ സപ്ലയറും മരുന്നു വിതരണത്തോടൊപ്പം, അംഗീകൃത ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ സർട്ടിഫിക്കറ്റ് (പ്രീ ക്വാളിഫിക്കേഷൻ സർട്ടിഫിക്കറ്റ്) സഹിതമാണ് മരുന്നുവിതരണം നടത്തേണ്ടത്. ഓരോ സാമ്പിളിനും ഈ സർട്ടിഫിക്കറ്റ് നിഷ്ക്കർഷിച്ചിട്ടുണ്ട്.

ഇതിനു പുറമെ മരുന്നുകളുടെ ഇടവിട്ടുള്ള ഗുണനിലവാര പരിശോധനയും നടത്തുന്നതാണ്. മരുന്നിന്റെ റിലീസ് ഗുണനിലവാരം ഉറപ്പാക്കിയശേഷം മാത്രമേ നൽകുകയുള്ളൂ.

(ഡി) ഇല്ല.

(ഇ) ഉണ്ട്. ഒരു കമ്പനി വിതരണം ചെയ്യുന്ന മരുന്നിന്റെ ഏതെങ്കിലും ബാച്ച് ഗുണനിലവാരം ഇല്ലാത്തതാണെന്നു കണ്ടെത്തിയാൽ ആ ബാച്ചിന്റെ ഉപയോഗം തടയുകയും ഗുണനിലവാരമുള്ള മരുന്ന് മറ്റു കമ്പനികളിൽ നിന്നും വാങ്ങുകയും വിലയിലുണ്ടാകുന്ന വ്യത്യാസം ഗുണനിലവാരം കുറഞ്ഞ മരുന്ന് വിതരണം ചെയ്ത കമ്പനിയിൽ നിന്നു ഈടാക്കാനും വ്യവസ്ഥയുണ്ട്. തുടർന്ന് ഗുണനിലവാരം കുറഞ്ഞ മരുന്നു വിതരണം ചെയ്ത കമ്പനിയെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. ഗുണനിലവാരം കുറഞ്ഞ മരുന്നിന്റെ തുക കമ്പനിക്കു നൽകുന്നതല്ല.

(എഫ്) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്ത കമ്പനികളിൽ നിന്നും പ്രസ്തുത ബാച്ചിന്റെ മുഴുവൻ തുകയും ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.

പി. എസ്. സി. മുഖേന നിയമനം നടത്താൻ നടപടി

*18 [17] *ശ്രീ. വി. ചെന്താമരാക്ഷൻ:*
,, *എം. വി. ജയരാജൻ:*
,, *ടി. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. മുഖേന നിയമനം നടത്താൻ നിയമം നിർമ്മിച്ചിട്ടും സംസ്ഥാനത്തെ 22-ൽ പരം സ്ഥാപനങ്ങൾ നേരിട്ട് നിയമനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം നിയമനം നടത്തുന്ന സ്ഥാപനങ്ങളുടെ മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) പി. എസ്. സി. ആവശ്യപ്പെട്ടിട്ടും നിയമന ചട്ടങ്ങൾ തയ്യാറാക്കി പി. എസ്. സി. യെ അറിയിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly